➪ *അനുഭൂതിപരമായ ആത്മീയതയാണ് മതത്തിന്റെ കാമ്പ്* ➪



**എട്ടോളം** പ്രബല മതങ്ങൾ നിലവിലുള്ള ഇന്ത്യാരാജ്യത്ത്, ബഹുഭൂരിപക്ഷം പേരും മതാത്മകമായി ജീവിക്കുന്ന ഒരു നാട്ടിൽ മതം എന്തെന്നും അതിന്റെ സ്വാനുഭവം എന്തെന്നും അതിന് വിമോചനവുമായുള്ള ബന്ധം എങ്ങനെയെന്നും അതിന്റെ പരിമിതികളെന്തെന്നും വിശദീകരിക്കുന്നവർ ഇപ്പോഴും കുറവാണ്. പരിപൂർണ്ണമായൊരു സംഭവമാണ് മതമെന്നാണ് മതവാദികൾ പറയുന്നതു കേട്ടാൽ തോന്നുക. വ്യാഖ്യാന വിദഗ്ദ്ധരായവരുടെ വാക്കുകൾകേട്ടാൽ പിന്നെ ഇക്കാര്യത്തിൽ ഒരു സംശയത്തിനും ഇടമില്ല, അത്രയ്ക്കും മഹത്വമുണ്ടത്രെ മതത്തിന്!

അനുഷ്ഠാനപരമായ, പൗരോഹിത്യ-സംഘരൂപം പ്രാപിച്ച മതമാണ് ശുദ്ധമതമെന്ന വ്യാജേന രംഗത്ത് സജീവമായുള്ളത്. അനുഭൂതിപരമായ ആത്മീയതയാണ് മതത്തിന്റെ കാമ്പ്, പഴവും തൊലിയും പോലെ. ഇത് അനുഭവിക്കേണ്ടതാണ്, പ്രസംഗിക്കേണ്ടതല്ല. ഇതില്ലാത്ത അനുഷ്ഠാന മതത്തെയാണ് അഥവാ ഡ്യൂപ്ലിക്കേറ്റ് മതത്തേയാണ്, അതിന്റെ ശാഠ്യങ്ങളെയാണ്, അപചയങ്ങളെയാണ് പലരും തള്ളിപ്പറയുന്നത്. അക്കൂട്ടത്തിൽ മതേതരവാദികളുമുണ്ട്.

# മതവും മതേതരത്വവും പിന്നെ...

മതേതരത്വം സ്വന്തംനിലയിൽ മനുഷ്യരുടെ ആന്തരിക സത്തയെ സംബോധനചെയ്യാൻ പ്രാപ്തി നേടേണ്ടതുണ്ട്. മതദുഷിപ്പിനെതിരെയുള്ള പ്രതികരണമാണിതിന്റെ പ്രാണവായു. മതം നന്നായാൽ മതേതരത്വം ചരമം പ്രാപിക്കാനിടയുണ്ട്. അതിനുമപ്പുറത്തെ ദീർഘപൈതൃകം മതേതരത്വത്തിനില്ല.

**ഡേവിസ് വളർക്കാവ്**

പലർക്കും മതേതരത്വം എന്നത് മതനിഷേധമാണ്, മതവിരോധമാണ്, മതങ്ങളുടെ സൗഹൃദമാണ്, മതം രാഷ്ട്രീയത്തിൽ നിന്ന് വേർപെട്ട നിലയാണ്, ഭരണഘടനാ വാഗ്ദാനമാണ്, മതം വ്യക്തിപരവും രാഷ്ട്രീയം പൊതുവായതും എന്ന അവസ്ഥയാണ്, വർഗ്ഗീയതയ്ക്കുള്ള ഔഷധമാണ്, പ്രത്യയശാസ്ത്രത്തിന്റെ ഭാഗമാണ്, ആത്മീയതയിൽ നിന്ന് ഒളിക്കാനുള്ള മറയാണ്, പ്രസംഗ വിഷയമാണ്, ആദർശത്തിന്റെ തൂവലാണ്, പുരോഗതിയുടെ അടയാളമാണ്, മനുഷ്യരാകുന്നതിന്റെ ചുവടുവയ്പ്പാണ്... ഇങ്ങനെ നീളുന്നു മതേതരത്വ പുരാണങ്ങൾ.

എന്നാൽ മതേതരത്വം സ്വന്തംനിലയിൽ മനുഷ്യരുടെ ആന്തരിക സത്തയെ സംബോധനചെയ്യാൻ പ്രാപ്തി നേടേണ്ടതുണ്ട്. മതദുഷിപ്പിനെതിരെയുള്ള പ്രതികരണമാണിതിന്റെ പ്രാണവായു. മതം നന്നായാൽ മതേതരത്വം ചരമം പ്രാപിക്കാനിടയുണ്ട്. അതിനുമപ്പുറത്തെ ദീർഘപൈതൃകം മതേതരത്വത്തിനില്ല. ഏറിവന്നാൽ 300 വർഷമാണിതിന്റെ പ്രായം. കാലഗണനയിൽ അതെത്ര നിസ്സാരമാണ്. എന്നാൽ അഹങ്കാരത്തിന് കുറവില്ല.

മതമോ, അത് രൂപം കൊള്ളുന്ന കാലത്ത് അത് ശ്രേഷ്ഠതയുടെ പ്രതീകമായിരുന്നു. കാലം കഴിയുന്തോറും അതിൽ അഴുക്കുപുരളുകയായിരുന്നു. അതിനകത്തുള്ളവർക്കുപോലും ആകർഷകമല്ലാത്തതായി



മതേതരവാദികളിലെ പ്രകൃതിക്കുവേണ്ടിക്കൂടി വാദിക്കുന്നവർ അകപ്പെട്ട കെണികാണാതിരുന്നു കൂടാ. മതേതരത്വത്തിന് പരിസ്ഥിതിവിഷയം അന്യമാണ്. അതിന്റെ ജനനകാലത്ത് പ്രകൃതിനാശം ഇത്രയ്ക്ക് ഉണ്ടായിരുന്നില്ല. അതിനാലത് മനുഷ്യകേന്ദ്രീകൃതമായി.

അത് മാറിയതിന് ഉദാഹരണമാണ് പുതിയ പുതിയ മതങ്ങൾ, ഭക്തിപ്രസ്ഥാനങ്ങൾ, വിമോചനാശയങ്ങളും. എന്നാൽ മതേതരത്വമോ ആന്തരശുദ്ധീകരണത്തിന് തയ്യാറാകാതെ സംഘമതത്തെപ്പോലെ ശാഠ്യം നിലനിർത്താനാണ് ശ്രമിക്കുന്നത്. മതേതരത്വത്തിന് സ്വാധീനം വന്ന ഇടങ്ങളിൽ അത് മനുഷ്യവിരുദ്ധമായി എന്നതാണ് ചരിത്രാനുഭവം. മതേതരത്വം മനുഷ്യകേന്ദ്രീകൃതമായിട്ടുപോലും അത് അതിന്റെ സഹജാതരെ കുരിശിലേറ്റി. മനുഷ്യമുഖം മാത്രമായതാണ് അതിന്റെ പ്രധാന പരിമിതി. എന്നാൽ മതം മനുഷ്യകേന്ദ്രീകൃതമല്ലാത്ത ചില മുഖങ്ങൾ നിലനിർത്താൻ സാദ്ധ്യത കൂടുതലുള്ള ഇടമാണ്. മർത്യജീവിതം ഭൗതികം മാത്രമല്ലാത്തതിനാലും മതത്തിന് ജീവിതത്തെപ്പറ്റി മറ്റു പല വേവലാതികൾ ഉള്ളതിനാലും മതേതരത്വമല്ല മതമാണ് ദീർഘായുസ്സുള്ളത്. മതത്തിന് ദൈവം-മനുഷ്യർ-പ്രകൃതി-ഇത്യാദി മുഖമുള്ളതിനാലാണിത്. മതാത്മക ജീവിതം എത്രയോ കാലമായി ജീവിതത്തെ ആശ്ലേഷിച്ച് നിലനിൽക്കുന്നു. മതാത്മക ജീവിതം മനുഷ്യർക്ക് സാദ്ധ്യമാണെന്നും ആവശ്യമാണെന്നും ഇത് കാട്ടിത്തരുന്നു. മതേതരത്വമോ ചില വ്യക്തികളിൽ മാത്രമായി ചുറ്റിത്തിരിയുന്നു. മതേതര സംഗമങ്ങളിൽ പങ്കെടുക്കുന്നവരിൽ ഭൂരി ഭാഗവും മതാത്മക ജീവിതം നയിക്കുന്നവരാണെന്ന് കാണാവുന്നതാണ്. എന്നാൽ അധികാരവുമായി ഇരുവിഭാഗവും അപ്പം പങ്കിടുന്നുണ്ട്, മാതൃകാസൗഹൃദം!

കാലം, ചരിത്രം, പാരമ്പര്യം, സംസ്കാരം, അനുഭവം ഇവയെ പരിഗണിച്ച് മത-മതേതര സംവാദത്തിലേർപ്പെടുന്നവർക്ക് ശാഠ്യങ്ങളെ മാറ്റിനിർത്തേണ്ടി വരും. അവകാശവാദങ്ങളെ വിലയിരുത്തേണ്ടിവരും. ഇരുവിഭാഗത്തേയും വിമർശനവിധേയമാക്കേണ്ടിവരും. ഇതെളുപ്പം അംഗീകരിക്കപ്പെടില്ല അതാണതിന്റെ ശാഠ്യവും ഒട്ടലും. ഇതുതന്നെയാണ് മതത്തിന്റെയും ദോഷവശം. ഇവിടെ ഇരു ആശയങ്ങളും യോജിപ്പിലാണ്, കതകുകൾ അടയ്ക്കുന്നതിൽ.

ജീവിതചര്യകൾ, കലകൾ, ഉത്സവങ്ങൾ, മൂല്യങ്ങൾ, പൊതുനന്മ, കൂട്ടായ്മകൾ ഇവയുടെ വെളിച്ചത്തിൽ ആശയങ്ങളെ വിലയിരുത്താൻ മുൻവിധികളാൽ പലരും അശക്തരാണ്, ശിക്ഷണം ലഭിക്കാത്തവരാണ്. അതിനാൽ ഏതെങ്കിലും പ്രസ്ഥാനം, ദർശനം, ആശയം, വിശ്വാസം, ഗ്രന്ഥം ഇവയിൽ നാം കുടുങ്ങാറുണ്ട്. കള്ളിയിൽ കുടുങ്ങിയാൽ അകപ്പെട്ടുപോയെന്ന് പോലും തിരിച്ചറിയാനാകാത്തവിധം മതിഭ്രമം ബാധിക്കും. ശേഷം അഹങ്കാരികളായി തലയുയർത്തി നടക്കാനാണ് പലരുടേയും തലവിധി.

ദൈവകേന്ദ്രീകൃതമല്ലാത്ത മതങ്ങളോട് കുറച്ചുകൂടി ഉദാരമാകാൻ മതേതരക്കാർക്കാകാത്തത് ശ്രദ്ധേയം. എന്നാൽ മതം മനുഷ്യകേന്ദ്രീകൃതമായിരുന്നങ്കിൽ അതിന്റെ മാർപ്പാപ്പമാർ ഇവരായേനെ. അങ്ങിനെയുള്ള മതേതര നേതൃത്വം ഇപ്പോഴുമുണ്ടല്ലോ, മതസ്വഭാവ മാർജ്ജിച്ച ശാസ്ത്ര-രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ!

മതേതരവാദികളിലെ പ്രകൃതിക്കുവേണ്ടി ക്കൂടി വാദിക്കുന്നവർ അകപ്പെട്ട കെണികാ ണാതിരുന്നുകൂടാ. മതേതരത്വത്തിന് പരി സ്ഥിതിവിഷയം അന്യമാണ്. അതിന്റെ ജന നകാലത്ത് പ്രകൃതിനാശം ഇത്രയ്ക്ക് ഉണ്ടാ യിരുന്നില്ല. അതിനാലത് മനുഷ്യകേന്ദ്രീകൃത മായി. എന്നാൽ അധികാരവും, ഭരണവും, നിയമവുമായി ഇത് രമ്യതയിലായിരുന്നു. പ ണ്ഡിതന്മാരായ ചെറുന്യൂനപക്ഷത്തിന്റെ ചർച്ചാവിഷയമായിരുന്ന മതേതരത്വം പിന്നീ ടത് കൂടുതൽ കരുത്തുനേടിവളർന്നു. അ പ്പോഴും ഭൂമിയിലെ വലിയൊരു വിഭാഗം ജന ത മതജീവിതം നയിക്കുകയായിരുന്നു. പ്രകൃ തിക്കുവേണ്ടി വാദിക്കുന്നവർക്ക് മതത്തിൽ നിന്ന് ധാരാളം പ്രചോദനം കണ്ടെത്താൻ ക ഴിഞ്ഞേക്കും. ചിലമതങ്ങളുടെ വേവലാതിക ളിൽ പ്രകൃതിയുടെ രക്ഷയും ഉൾച്ചേർന്നിരു ന്നതായി കാണാം. മതത്തെ മാറ്റി നിർത്തു

മതം ഒഴിയുന്നിടത്ത് മതേതരത്വമല്ല ശൂന്യത നികത്തേണ്ടത്, മതാതീതമായ ആത്മീയതയാണ്. രാഷ്ട്രീയാപചയത്തിനും ഇതേ ഔഷധമാണ് പ്രയോഗിക്കാവുന്നത്. ആത്മീയത നിഷേധിക്കുന്ന മതവും ആത്മീയത നിഷേധിക്കുന്ന മതേതരത്വവും തമ്മിൽ നടക്കുന്ന സംവാദങ്ങൾക്ക് പ്രസക്തിയുണ്ടോ?

മ്പോൾ അതിലെ ശ്രേഷ്ഠതയെക്കൂടിയാണ് നിഷേധിക്കുന്നത്. പ്രകൃതിനശീകരണത്തി ന്റെ ഇക്കാലത്ത് പകരം വെയ്ക്കാൻ മതേത രത്വത്തിന് എന്താണുള്ളത്? കൂടപ്പിറപ്പുകളാ യ ശാസ്ത്രവും സാങ്കേതികവിദ്യയും അത് എത്ര പരിമിതികളുള്ളതാണെന്ന് ഇന്ന് നമു ക്കറിയാം.


ഇക്കാലത്ത് ഡോഗ്മകളിൽ കുടുങ്ങിയ മ തത്തിനും അതിനെ നിഷേധിച്ച് കടന്നുവന്ന മതേതരത്ത്വത്തിനും എന്തുണ്ട് പ്രസക്തി? കാലം നൽകിയ വിവേകത്തിലൂടെ ശുദ്ധീക രിക്കപ്പെട്ട മതത്തിനും, മൂല്യാധിഷ്ഠിതമായ മതേതരത്വത്തിനും ഇനിയും ലോകത്ത് പ്ര സക്തിയുണ്ട്. ഇരുട്ട് വ്യാപിക്കുന്ന ഒരുകാല ത്ത് ഇത് ആവശ്യമാണ്. ബുദ്ധ-ഗാന്ധി-ശ്രീ നാരായണ മതവും ഇവരുടെ തന്നെ മതേത രത്വവും ഈ സംവാദ സാധ്യതകളുടെ മകു ടോദാഹരണങ്ങളാണ്. ആ വഴിക്കൊന്ന് സ ഞ്ചരിക്കാൻ വായനക്കാരോട് അഭ്യർത്ഥിക്കു ന്നു. ലാറ്റിനമേരിക്കൻ വിമോചന ദൈവശാ സ്ത്ര ഗാഥകൾ, ഇന്ത്യൻ ദേശീയ സമരാനുഭ വങ്ങൾ, ഭാരതീയമായ മതാതീതമായ-ദൈവ രഹിതമായ ആത്മീയ പൈതൃകം ഇത്യാദി കൾ നമ്മെ തെളിഞ്ഞ കാഴ്ചയുള്ളവരാ ക്കാൻ സഹായിച്ചേക്കാം. അതിനാദ്യം വേ ണ്ടത് നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരി ച്ച് ലോകത്തെ നോക്കിക്കാണുന്ന ദുഃശ്ശീലം കയ്യൊഴിയണം. കാലം, ദേശം, ചരിത്രം, പൈതൃകം എന്നിവ മുൻനിർത്തി വിലയിരു ത്താൻ ശ്രമിക്കണം.

അവസരം കിട്ടിയ സന്ദർഭങ്ങളിലൊക്കെ മതവും മതേതരത്വവും നടത്തിയ കടുംകൈ കൾ ചരിത്രത്തിൽ അനേകമുണ്ടല്ലോ. ഇവ യിൽ ഏതെങ്കിലും ഒരു പക്ഷത്ത് നിന്ന് ലോ കത്തെ നോക്കിക്കാണുന്നത് സത്യസന്ധമാ യ നിരീക്ഷണമല്ല. വിപ്ലവാനന്തര സമൂഹങ്ങ ളിൽ നടന്ന കുരുതികൾ മതത്തിന്റെ പേരിലു ള്ള കുരിശുയുദ്ധങ്ങളല്ല എന്നത് വിസ്മരിക്ക രുത്. അതിൽ മതേതരത്വത്തിന് നല്ല പങ്കുണ്ട്. മനുഷ്യരാശിക്ക് ഒരുകാല ത്ത് സംഘമതങ്ങൾ ഇല്ലായിരുന്നു. പിന്നീടത് രൂപപ്പെട്ടു. സുദീർഘമായ അതിന്റെ യാത്രയിൽ കാലം നൽകി യ മാറ്റത്തോടെ അത് ജീവിതയാത്ര തുടരുന്നു, വൃദ്ധി-ക്ഷയങ്ങളിലൂടെ. എന്നാൽ മതേതരത്വത്തിന് കാലിക മായ തിരുത്തലുകൾ സ്വീകാര്യമാകാ ത്തതെന്തേ? മതം രാഷ്ട്രീയത്തിൽ ഇടപെടരുതെന്ന് രാഷ്ട്രീയവും, രാ ഷ്ട്രീയം മതത്തിൽ ഇടപെടരുതെന്ന് മതവും പരസ്പരം പഴി പറയുന്നതെന്തേ? മ നുഷ്യദ്വീപുകൾ സൃഷ്ടിക്കുന്നതിൽ ഇവർ ഒരേപോലെ വിമർശിക്കപ്പെടേണ്ടതില്ലേ...

മതം ഒഴിയുന്നിടത്ത് മതേതരത്വമല്ല ശൂ ന്യത നികത്തേണ്ടത്, മതാതീതമായ ആത്മീ യതയാണ്. രാഷ്ട്രീയാപചയത്തിനും ഇതേ ഔഷധമാണ് പ്രയോഗിക്കാവുന്നത്. ആത്മീ യത നഷ്ടപ്പെട്ട മതവും ആത്മീയത നിഷേ ധിക്കുന്ന മതേതരത്വവും തമ്മിൽ നടക്കുന്ന സംവാദങ്ങൾക്ക് പ്രസക്തിയുണ്ടോ? രാഷ്ട്രീ യം ദുഷിച്ചു, അതിനാൽ ഇനി അരാഷ്ട്രീയ മാണ് വേണ്ടതെന്ന് പറഞ്ഞാൽ അത് സ്വീ കാര്യമാകുമോ?

മതേതരത്വത്തെപ്പറ്റിയുള്ള ചർച്ചകളിൽ കടന്നു വരാത്ത രണ്ടു പ്രധാന സംഗതികൾ കൂടി സൂചിപ്പിക്കട്ടെ. ഒന്ന്:- സംവാദങ്ങളുടെ പിറകിലെ ബുദ്ധികാണാതിരുന്നുകൂടാ എന്ന താണ്. ഭാരതത്തിന്റെ ശാപം ജാതീയതയാ ണ്. ഇതിന്റെ സ്വാധീനമാണ് മതത്തേക്കാളും ജീവിതത്തിലുള്ളത്. സവർണ്ണ അവർണ്ണ ഭേദ

ങ്ങളാൽ അതിന്നും ജീവിതത്തെ നരകതുല്യമാക്കുന്നു. "നരനുനരനശുദ്ധവസ്തു"വായിത്തന്നെയാണ് പലയിടത്തേയും സ്ഥിതി. വർദ്ധിച്ച പൗരാവകാശമുള്ള സമൂഹമല്ല ഇന്ത്യയിൽ. മതപരമായ വൈജാത്യങ്ങളിലെ സംഘർഷമല്ല, ജാതീയമായ വിവിധതരംചൂഷണമാണ് മുഖ്യമായ പ്രശ്നം. ഈ വിഷയത്തിൽ നിന്നും ശ്രദ്ധ തിരിക്കാനുള്ള അറിഞ്ഞോ അറിയാതെയോ ഉള്ള തന്ത്രമാണ് പല മതേതര ചർച്ചകളും. ഇതിൽ പങ്കാളികളാകുന്നവർ ജാതീയമായ പീഡനം ഏറെ അനുഭവിക്കാത്തവരാകും. ലീഡ് ചെയ്യുന്നതോ സവർണ്ണ ബുദ്ധിജീവികളും! ഇന്ത്യൻ യാഥാർത്ഥ്യത്തെ മാറ്റിവച്ച് ഭൂമി, അധികാരം, വി



ദ്യാഭ്യാസം, ജീവിത സ്വാതന്ത്ര്യം ഇവയെ നിഷേധിച്ച ജാതീയതയെ തന്ത്രപൂർവ്വം മൂടിയിടുകയാണിവർ ചെയ്തുവരുന്നത് ഇ.എം.എസ്. ഇതിനൊരു മികച്ച ഉദാഹരണമാണ്. കമ്മ്യൂണിസ്റ്റുകളും, ശാസ്ത്രവാദികളും, യുക്തിവാദികളും ഈ പന്തിയിലിരുന്നാണ് ഉണ്ണുന്നത്. മൂടുപട മതേതരവാദികളെന്ന് ഇവരെ വിളിക്കാറുണ്ട്. സെമിറ്റിക് മതങ്ങളിൽ നിന്നും, സവർണ്ണ പാരമ്പര്യത്തിൽ നിന്നും കടന്നുവരുന്നവരാണിതിലെ 'മെഗാഫോൺ'. ശ്രദ്ധിച്ചാലേ അത് കാണാനാകൂ.. നമ്മുടെ പല സുഹൃത്തുക്കളേയും ഇക്കൂട്ടത്തിൽ കാണാറുണ്ട്.

രണ്ടാമത്തേത്:- മതേതരവാദികൾ കേരളത്തിലോ ഇന്ത്യയിലോ ഉള്ള മതേതരമായ, മതാതീതമായ സാദ്ധ്യതകളെയല്ല കണ്ടെത്തുന്നത്. മറ്റെവിടെയോ രൂപപ്പെട്ടത് റെഡിമെയ്ഡായി ഇറക്കുമതി ചെയ്യാനാണ് ശ്രമിക്കുന്നത്. ഈ ഇറക്കുമതി മതേതരത്വം നേരിട്ട് സംഘടനാമതത്തോട് സമരം ചെയ്ത് വളർന്നു വന്നതാണെന്നത് അതിന്റെ മഹത്വം. എന്നാൽ അത്തരം സംഘടനാ മതത്തെ ഭാരതം അത്ര പ്രോത്സാഹിപ്പിച്ചിരുന്നില്ല. അത്തരമൊരു മതത്തെ അതിലെതന്നെ ആദ്ധ്യാത്മികതകൊണ്ടാണിവിടെ എതിരിട്ടത്. അതിനാൽ മതേതരത്വത്തിന് പോരാടാൻ ഇവിടെ പ്രബലരായ പ്രയോഗികളില്ല. ഇറക്കുമതിക്കാർക്ക് അത് പോരല്ലോ, തങ്ങളുടെ "ടെക്സ്റ്റുബുക്കുകളിൽ" പറയുന്നതല്ലേ പ്രമാണം. അതിനാൽ ഒരു സംഘടനാ മതമാക്കി, അനുഷ്ഠാനമതമാക്കി, പുരോഹിതമതമാക്കി ഹിന്ദുമതത്തെ അവർ ചിത്രീകരിക്കുകയും ചിത്രവധത്തിന് ശ്രമിക്കുകയും ചെയ്യുന്നു. 5000 -ത്തിലധികം വർഷം പഴക്കമുള്ള ഭാരതീയ സംസ്കൃതിയെ തകർത്തെറിഞ്ഞ ബ്രാഹ്മണമതത്തിന്റെ ശേഷിപ്പുകൾ ചേർത്തുവെച്ച് നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആധുനിക ഹിന്ദുമതത്തിന് വേണ്ടി പണിയെടുക്കുകയാണിവർ ചെയ്യുന്നത്. പഴയമതത്തിന് പ്രസക്തിയില്ലെന്നറിയുന്നതിനാൽ ജാതീയതയ്ക്ക് മൂടുപടമിട്ട് വിശാലമായ ഹിന്ദു ഐക്യവും, ഹിന്ദുത്വമതവും, ഹിന്ദുരാഷ്ട്രവും നിർമ്മിക്കാനൊരുങ്ങുന്നുവരുടെ കടവിലാണ് നമ്മുടെ മതേതരത്വക്കാരുടെ കുളിയും തേവാരവും.

പ്രധാനമായും മുസ്ലീം, ക്രിസ്ത്യൻ, ഹിന്ദു എന്നനിലയിലാണ് മതങ്ങളെ പരിഗണിച്ചുവരുന്നത്. ഇതിലൊരു അപാകതയും കാണാത്തവിധം നാം സമ്മതരുമാണ്. എന്നാൽ ആദ്യ രണ്ടുമതങ്ങളും സംഘടന, പൗരോഹിത്യം, വിശുദ്ധഗ്രന്ഥം, പുണ്യസ്ഥലം ഇത്യാദി ഏകീകൃതമായ ഘടനയിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഹിന്ദു എന്നത് വിദേശികളുടെ നാമകരണവും, ചില നിക്ഷിപ്തതാൽപര്യങ്ങളാൽ നിർമ്മിച്ചുകൊണ്ടിരുന്നതുമാണ്. മൂന്നുമതങ്ങളെ ഒരുപോലെ കാണുകയും വിലയിരുത്തുകയും ചെയ്യുന്നത് പെടാപാടുപെട്ട് പടുത്തുയർത്തുന്ന ഹിന്ദുത്വ മതത്തെയാണ് സഹായിക്കുന്നത്. അത് വളരെ ഭംഗിയായും തന്ത്രപരമായും നടക്കുന്നു എന്നതാണ് നാമൊക്കെ അംഗീകരിക്കുന്ന ഹിന്ദുമതം എന്ന സങ്കൽപ്പനത്തിന്റെ ബാക്കിപത്രം. പറഞ്ഞുവരു

ന്നത് വർഗ്ഗീയതയ്ക്കെതിരായ മതേതരത്വ പ്രചാരണങ്ങൾ വളമാകുന്നത് ഹിന്ദുത്വ മതത്തിനും വർഗ്ഗീയതക്കുമാണ് എന്നതാണ്. ഇതറിയാതെയുള്ള മതേതര പ്രചരണം ഒരാത്മ പരിശോധന അർഹിക്കുന്നു. ഉദാഹരണത്തിന്:

ഞങ്ങളിലില്ല ഹൈന്ദവരക്തം
ഞങ്ങളിലില്ല ക്രൈസ്തവരക്തം
ഞങ്ങളിലില്ല ഇസ്ലാം രക്തം
ഞങ്ങളിലുള്ളത് മാനവ രക്തം

ഇത് മിശ്രവിവാഹ വേദികളിൽ, മതേതര വേദികളിൽ മുഴങ്ങുന്ന മഹാമന്ത്രമാണ്. ഒരു മതേതരവാദിക്ക് ഇത്രയും അഭിമാനിക്കാവുന്ന മുദ്രാവാക്യം കേരളത്തിൽ വളരെക്കുറവാണ്. എന്നാൽ ഹിന്ദുത്വമതം രൂപപ്പെടുത്താൻ പാടുപെടുന്നവർക്ക് എത്രകൂളായാണ് ഈ മുദ്രാവാക്യം പ്രയോജനപ്പെടുന്നത് എന്ന് ശ്രദ്ധിച്ചിട്ടുണ്ടോ? അവരുടെ ഇഷ്ടവിഷയമാണ് ഒരു ആധുനിക ഹിന്ദുമതം. 65 വർഷം മുമ്പുമുതലേ മതേതരവാദികൾ ഇവിടെ ഹിന്ദുത്വശക്തികൾക്കുവേണ്ടി പാടിക്കൊണ്ടിരിക്കുകയായിരുന്നോ? ഇങ്ങനെ വളർന്നുവന്ന ഹിന്ദുത്വമാണ് ഹിന്ദു രാഷ്ട്രത്തിന്റെ ആധാരശിലകളായി മാറാൻ ശ്രമിക്കുന്നത്. ഒളിച്ചുവച്ച ബ്രാഹ്മണമതത്തെ തൊടാതെ, ഹിന്ദുത്വത്തെ തള്ളിപ്പറയുന്ന ഹൈന്ദവതയെ, ഇതരമതത്തോടൊപ്പം ചേർത്തുകെട്ടി നിർവീര്യമാക്കാനുള്ള കുടിലതകളിൽ ആരാണ് കൂട്ടുചേർന്നതെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുകയാണ്.

8-ൽ നിന്ന് മൂന്നുമതങ്ങളെ തിരഞ്ഞെടുത്ത് ഒന്നിച്ചുനിർത്തി മതസൗഹാർദ്ദ മാമാങ്കങ്ങൾ സംഘടിപ്പിക്കുന്നവർതന്നെ നാളെ തങ്ങൾക്ക് എതിരാകാൻ ഇടവരുന്ന ശക്തികൾക്ക് വിറകാകുകയാണ്. 1924-ൽ നാരായണ ഗുരു ആലുവയിൽ നടത്തിയ ലോക മതസമ്മേളനത്തിന്റെ മാതൃകകളെ തമസ്കരിച്ച് നടത്തിവരുന്ന ഈ ഫാഷൻ പരേഡുകൾ ഇവർക്ക് വിനയാകുന്നതാണ് കാണാൻ പോകുന്ന ദുരന്തം. കേരളത്തിലെ സന്യാസികൾ തുലോം ഭേദമായിരുന്നു, ദേവസ്വം പ്രതിനിധികളും. ഇവരും ഇപ്പോൾ ഹിന്ദുത്വ പ്രചാരകരാകുന്നതാണ് കഴ്ച.

പുതിയകാലത്ത് ഈ കവിതാശകലങ്ങൾക്കൊരു പാഠഭേദം തയ്യാറാക്കിയാൽ എങ്ങിനെയിരിക്കുമെന്ന് നോക്കാം.

ഞങ്ങളിലുള്ളത് ഹൈന്ദവരക്തം
ഞങ്ങളിലുള്ളത് ക്രൈസ്തവരക്തം
ഞങ്ങളിലുള്ളത് ഇസ്ലാം രക്തം
ഞങ്ങളിലുള്ളത് മാനവ രക്തം

ആദ്യത്തെ മൂന്നുവരികളിലുള്ള ഞങ്ങളിലില്ല എന്ന നിഷേധാത്മകത ഞങ്ങളിലുള്ളത് എന്ന് സൃഷ്ടിപരമാക്കുമ്പോൾ സംഭവിക്കുന്ന ആശയവിസ്മയം ആസ്വദിക്കുക. കേവല നിഷേധത്തിന്റെ തലത്തിൽനിന്ന് വിവിധമതങ്ങളെ വിവിധസംസ്കാരങ്ങളെ അത് നമ്മിൽ നിറയ്ക്കുന്നു. ഏതെങ്കിലും മതം മാത്രമാണ് വേണ്ടത്, ശരി എന്നുള്ളത് അകന്നുപോകുന്നു. ഹിന്ദുത്വവർഗ്ഗീയതയും മറ്റുവർഗ്ഗീയതയും ചെറുക്കപ്പെടുന്നു. വെറും മതസൗഹാർദ്ദമേളകൾക്ക് മങ്ങലേൽക്കുന്നു. “പലമതസാരമേക”മെന്ന് അറിയാൻ ഇടവരുന്നു. സാരംഗ്രഹിക്കേണ്ടിവരുന്നു. കപടമതേതരവാദികളെന്ന ആരോപണത്തിന്റെ മുനയൊടിയുന്നു. ഇറക്കുമതി മതേതരത്വം ജൈവീകമാകുന്നു.

ബഹുമത, ബഹുസംസ്ക്കാര, ബഹുഭാഷാ സമൂഹത്തിൽ ഇത്തരത്തിലൊരു കാഴ്ചയും ബോധനവുമാണ് സാമൂഹ്യപ്രവർത്തകരിൽ നിന്നും ഉണ്ടാകേണ്ടത്. ഇവിടെ മതേതരത്വം തള്ളിപ്പറയുന്ന മതമേധാവിത്വത്തിന് ഇടമില്ലാതാകുന്നു. മതേതരത്വം ആർക്കുവേണ്ടി ഇത്രകാലം വാദിച്ചുവോ ആ മനുഷ്യരും ഉജ്ജ്വല ശോഭയോടെ പുതിയ മനുഷ്യരായി പരിലസിക്കുന്നു. മതേതരത്വം തന്നെ പുതിയ കാലത്തിന്റേതും ഭാരതീയവുമാകുന്നു.

ഇനി ഈ ഉപമാനത്തെവിടുക, ആശയത്തിലേക്ക് വരാം. ഇത്തരം ധാരാളം ആവിഷ്ക്കാരങ്ങൾ ഗാന്ധി തന്റെ വ്യക്തിജീവിതത്തിലും പൊതുപ്രവർത്തനത്തിലും ചെയ്തിരുന്നതിലേക്ക് ഗാന്ധിമൈത്രിയുള്ള മതേതരത്വക്കാരുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളട്ടെ. പ്രാർത്ഥനായോഗങ്ങളിലും മറ്റും ഇതുകാണാം. രാമനു നൽകിയ വ്യാഖ്യാനത്തിലും, ആരാധനാലയങ്ങളിൽ നിന്നു മാറിനിന്നതിലും ഇതിന്റെ ആവിഷ്കാരങ്ങളുണ്ട്. വിശദീകരണങ്ങളെ ഒഴിവാക്കി ഇത് മനസ്സിലാക്കാൻ മറ്റൊരു എളുപ്പവഴിയുണ്ട്. അത് ഗാന്ധിയുടെ മതേതരത്വവും നെഹ്റുവിന്റെ മതേതരത്വവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ ശ്രമിക്കുകയാണ്. ചിന്താശീലർക്ക് ഈ സാദ്ധ്യത പ്രയോജനപ്പെടുമെന്ന് ആശിക്കുന്നു. ■

**മൃഗാവകാശ പ്രഖ്യാപനത്തിന്റെ പരിഭാഷ പ്രകാശനം**
**ഒക്ടോബർ 4, ലോക മൃഗദിനത്തിൽ**
യുനസ്കോയുടെ പാരീസിലെ ആസ്ഥാനത്തു വെച്ച് 1978ൽ വിളംബരപ്പെടുത്തിയ ലോക മൃഗാവകാശ പ്രഖ്യാപനത്തിന്റെ മലയാള പരിഭാഷയുടെ പ്രകാശനവും മിണ്ടാപ്രാണികൾക്കായി മിണ്ടുന്നവരുടെ സംഗമവും
**വൈകീട്ട് 5.30ന്**
സാഹിത്യ അക്കാദമി ഹാൾ, തൃശൂർ
ബന്ധങ്ങൾക്ക്: 9895148998